**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 538**
**11.06.2013 ലെ മറുപടിയ്ക്ക്**

## പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ ഫണ്ടിംഗ് ഏജൻസി

**ചോദ്യം**
**ശ്രീ. തോമസ് ചാണ്ടി**
**ശ്രീ. എ.കെ.ശശീന്ദ്രൻ**

**ഉത്തരം**
**ശ്രീ. കെ.എം. മാണി**
**(ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി)**

| | | |
|---|---|---|
| ( എ ) | 2013 ഏപ്രിൽ 1-ാം തീയതി മുതൽ സർവ്വീസിൽ പ്രവേശിക്കുന്ന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കുമായി നടപ്പാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതിയ്ക്ക് ഫണ്ടിംഗ് ഏജൻസിയെ നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | 2013 ഏപ്രിൽ 1-ാം തീയതി മുതൽ സർവ്വീസിൽ പ്രവേശിക്കുന്ന സർക്കാർ ജീവനക്കാരുടെ ശമ്പളത്തിന്റെ 10% ഉം തത്തുല്യമായ സർക്കാർ വിഹിതവുമാണ് ദേശീയ പെൻഷൻ പദ്ധതിയിൽ ഫണ്ട് നിക്ഷേപമായി വരുന്നത്. |
| ( ബി ) | ഐ.എ.എസ്സുകാർ ഉൾപ്പെടെയുള്ള അഖിലേന്ത്യാ സർവ്വീസുകാർക്ക് 2004 -ൽ പങ്കാളിത്ത പെൻഷൻ നടപ്പാക്കിയെങ്കിലും ഉദ്യോഗസ്ഥരുടേയോ സർക്കാരിന്റേയോ വിഹിതം നാളിതുവരെ ഫണ്ടിംഗ് ഏജൻസിക്ക് നൽകിയിട്ടില്ലായെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | 24.05.2010 ലെ സ.ഉ. (പി) നം. 298/2013/ധന പ്രകാരം അഖിലേന്ത്യാ സർവ്വീസ് ജീവനക്കാർക്ക് ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പെൻഷൻ വിഹിതം നിക്ഷേപിക്കുന്നതിനു മുന്നോടിയായി NPS Trust, National Securities Depository Limited എന്നീ സ്ഥാപനങ്ങളുമായി സർക്കാർ കരാറുകൾ ഒപ്പിടേണ്ടതുണ്ട്. ടി കരാറുകൾ ഒപ്പിടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| ( സി ) | എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ? | |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്